# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 4**

---

## ബി.എഡ് സപ്ലിമെൻററി അലോട്ട്മെൻറ്; ഓൺലൈൻ രജിസ്ട്രേഷൻ ഇന്നുമുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിലെ ഏകജാലകം വഴിയുള്ള ബി.എഡ് പ്രവേശനത്തിൻറെ സപ്ലിമെൻററി അലോട്ട്മെൻറിന് ഇന്ന്(ഓഗസ്റ്റ് 5) രാവിലെ 11 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.

ഇതു വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും പ്രവേശനം ലഭിച്ചശേഷം നിരസിക്കപ്പെട്ടവർക്കും നിശ്ചിത സമയത്ത് പ്രവേശനമെടുക്കാൻ സാധിക്കാഞ്ഞവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം. ഓഗസ്റ്റ് എട്ടിന് വൈകുന്നേരം നാലു വരെയാണ് സമയപരിധി.

ഓൺലൈൻ അപേക്ഷയിൽ വരുത്തിയ പിശകുമൂലം അലോട്ട്മെൻറിന് പരിഗണക്കപ്പെടാത്തവർക്കും അലോട്ട്മെൻറിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് അടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് ക്യാപ്പ് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് പുതിയതായി ഓപ്ഷനുകൾ നൽകാം.

സപ്ലിമെൻററി അലോട്മൻറിൽ പങ്കെടുക്കുന്നവർ പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം. ലോഗിൻ ചെയ്ത ശേഷം നേരത്തേ നൽകിയ അപേക്ഷയിൽ പിശകുകളുണ്ടെങ്കിൽ തിരുത്തുകയും ചെയ്യാം.

സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെൻററി അലോട്ട്മെൻറിൽ അപേക്ഷിക്കുകയും അലോട്ട്മെൻറ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെൻറിൽ പ്രവേശനം എടുക്കേണ്ടി വരും. ഇവരുടെ മുൻ പ്രവേശനം റദ്ദാക്കപ്പെടും. ഒരു തവണ ക്യാപ്പിലൂടെ അപേക്ഷാ ഫീസ് അടച്ചവർക്ക് വീണ്ടും ഫീസ് അടയ്ക്കാതെ സപ്ലിമെൻററി അലോട്ട്മെൻറിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/930/2023)

## എൻ.എസ്.എസ് ദ്വിദിന പരിശീനല ക്യാമ്പ് തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്‌കീമിൻറെ പ്രോഗ്രാം ഓഫീസർമാരുടെ ദ്വിദിന പരിശീലന ക്യാമ്പ് എറണാകുളം കുറുപ്പുംപടി സെൻറ്. കുര്യാക്കോസ് കോളേജിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. കെ.എം. സുധാകരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ കോളേജ് മാനേജർ ബെന്നി വർഗീസ്, ജോബിൻ ജോർജ്, അജീഷ് കെ.ആർ, സി.ജെ. ജാക്സൺ, ബേസിൽ മാത്യു എലിയാസ്, ഫാ. എൽദോസ് കെ. ജോയ് എന്നിവർ പങ്കെടുത്തു. എം.ജി സർവകലാശാലയുടെ കീഴിലുള്ള 130 കോളേജുകളിൽ നിന്നുള്ള പ്രോഗ്രാം ഓഫീസർമാർ ക്യാമ്പിൽ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**.........
എം.ജി. സർവകലാശാലാ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ ക്യാമ്പ് എറണാകുളം കുറുപ്പുംപടി സെൻറ് കുര്യാക്കോസ് കോളജിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/931/2023)

## എം.ജി. പി.ജി; സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്.സി കമ്പ്യൂട്ടർ സയൻസിന്(20232025) ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

സർവകലാശാല അംഗീകരിച്ച ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.സി.എ യോഗ്യതയോ കമ്പ്യൂട്ടർ സയൻസ് മുഖ്യ വിഷയമായി 50 ശതമാനം മാർക്കിൽ കുറയാതെ ബിരുദമോ ഉള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഓഗസ്റ്റ് എട്ടിന് രാവിലെ 10ന് നേരിട്ട് ഹാജരാകണം. ഫോൺ: 6238297873.
......................

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ എം.എസ്.സി മാത്തമാറ്റിക്സ് എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമുകളിൽ(2023 ബാച്ച്) ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായവർ അസൽ രേഖകളുമായി ഓഗസ്റ്റ് ഏഴിന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 8304870247. ഇമെയിൽ:sms@mgu.ac.in
......................

സ്കൂൾ ഓഫ് ഇൻറർ നാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ എം.എ പൊളിറ്റിക്സ്(പബ്ലിക് പോളിസി ആൻറ് ഗവേണൻസ്) കോഴ്സിൽ പിട്ടികജാതി സംവരണ വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്.

യോഗ്യരായവർ അസൽ രേഖകളുമായി ഓഗസ്റ്റ് ഏഴിന് രാവിലെ 11ന് വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം.

......................

ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻറ് എക്സ്റ്റൻഷൻ നടത്തുന്ന എം.എ കൗൺസിലിംഗ് പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് ഒൻപതിന് രാവിലെ 11ന് വകുപ്പിൽ നേരിട്ട് എത്തണം. ഫോൺ: 08301000560

......................

സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസിൽ എം.എ ജൻഡർ സ്റ്റഡീസ് പ്രോഗ്രാമിന് ഒ.ഇ.സി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. ഈ വിഭാഗത്തിലുള്ളവരുടെ അഭാവത്തിൽ എസ്.ഇ.ബി.സി വിഭാഗത്തിൽപ്പെട്ടവരെയും ഇരു വിഭാഗക്കാരുടെയും അഭാവത്തിൽ ജനറൽ വിഭാഗത്തിലുള്ളവരെയും പരിഗണിക്കും.

ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടെ ബിരുദമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് ഏഴിന് സ്കൂളിൽ നേരിട്ട് എത്തണം. ഫോൺ: 9495571014

(പി.ആർ.ഒ/39/932/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എസ്.സി ബയോഇൻഫർമാറ്റിക്സ് - മെയ് 2023(സി.ബി.സി.എസ് - പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് എട്ടിന് എടത്തല എം.ഇ.എസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.......................

നാലാം സെമസ്റ്റർ ബി.എസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ് - മെയ് 2023(സി.ബി.സ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 11 മുതൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.............................

ഒന്നാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആൻറ് അക്വാകൾച്ചർ - മാർച്ച് 2023(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 - 2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് എട്ട്, ഒൻപത് തീയതികളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.............................

രണ്ടാം സെമസ്റ്റർ ബി.എസ്.സി ഹോട്ടൽ മാനേജ്മെൻറ് ആൻറ് കളിനറി ആർട്സ് - മെയ് 2023(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ

പരീക്ഷകൾ ഓഗസ്റ്റ് 10 മുതൽ വിവിധ കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/931/2023)

## പരീക്ഷാ ഫലം

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി സ്പേസ് സയൻസ്(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/932/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**